# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.35** — **27/02/2017-ന് മറുപടിക്ക്**

## ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം പാലിക്കാത്തവർക്കെതിരെ നടപടി

**ചോദ്യം**

ശ്രീ.എ.എം.ആരിഫ്

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | വിവിധ വകുപ്പുകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം വകുപ്പ് മേധാവികൾക്ക് നൽകിയിട്ടുണ്ടോ ; | (എ) & (ബി) | ഉണ്ട്. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുത പരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാതെയുണ്ടായിരുന്ന ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർദ്ദേശം വകുപ്പ് മേധാവികൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; | | |
| (സി) | ഈ നിർദ്ദേശം പാലിക്കാത്ത ജീവനക്കാർക്ക് എതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുമോ; എത്ര ജീവനക്കാർക്കെതിരെ ഇതുവരെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ? | (സി) | ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമെന്ന് സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതുവരെയും ആർക്കെതിരെയും നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ